# പ്രേരണയും ചിന്തയും

“ഒരു കാര്യം ചോദിച്ചോട്ടെ, എന്തായിരുന്നു അക്കാര്യം ചെയ്യാൻ നിനക്കുണ്ടായിരുന്ന പ്രേരണ?” എന്ന് ആകാംക്ഷയോടെ പലരും പലരോടും ചോദിക്കുന്നത് നാം കേട്ടിട്ടുണ്ട്. തീർത്തും ആകാംക്ഷ നിറഞ്ഞതും ആത്മാർഥവുമാണ് ഈ ചോദ്യം.

പലരുടെയും പ്രവർത്തനത്തിന് അകമ്പടി പ്രേരണയാണ്. എന്നെ അക്കാര്യത്തിന് പ്രേരിപ്പിച്ചത് ഇന്നയിന്ന കാര്യമാണ് എന്നിങ്ങനെ വർണിച്ചു പറയുന്ന ആളുകളെ ധാരാളം കാണാം.

“ഒരു കാര്യം ചോദിച്ചോട്ടെ, എന്തായിരുന്നു അക്കാര്യം ചെയ്യുമ്പോൾ നീ ചിന്തിച്ചിരുന്നത്?” എന്ന് ആരും ഇതുവരെ ചോദിച്ചതായി അറിയില്ല. കാര്യങ്ങളുടെ ഉത്ഭവങ്ങളെ അത്ര ഗൗരവത്തിലല്ല ആളുകൾ കാണുന്നത്.

നമ്മുടെ കർമങ്ങളൊക്കെ അരങ്ങേറുന്നത് പ്രേരണകളുടെ ഫലമായാണ്. പ്രേരണ മിക്കപ്പോഴും വൈകാരികവുമാണ്. അതിന് ഒരിക്കൽ പോലും ചിന്തയുടെ ആവശ്യം നേരിടുന്നില്ല. “ഒന്ന് കാണാൻ വരണമെന്ന് പലവട്ടം ഉദ്ദേശിച്ചതാണ്. സാധിച്ചില്ല. ഇന്ന് ഒരു ഉൾപ്രേരണ. അങ്ങ് ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു” എന്ന് കൂട്ടുകാരനോട് പറയുന്ന സുഹൃത്തിൻെറ വിവരണത്തിലും ചിന്തക്ക് പിൻബലമുള്ളതായി തോന്നുന്നില്ല. ലോകത്തെ എല്ലാ കർമങ്ങളുടെയും സ്ഥിതി അതുതന്നെയാണ്.

ചെയ്യാനുള്ളത് വൈകാരികമായി ചെയ്യുക. അതാണ് ഭരണകൂടം വരെ എത്തി നില്ക്കുന്ന കർമപദ്ധതികളുടെ അടിസ്ഥാനം. ഈ രീതിക്ക് അതിൻെറതായ തകരാറുകൾ ധാരാളമുണ്ട്. ഒരിക്കലും ആരോഗ്യകരമല്ലാത്ത ഈ രീതി നാം വെടിയണം.

പ്രേരണ മിക്കപ്പോഴും സ്വാർഥമോ വൈകാരികമോ ആണ്. മറ്റു മനുഷ്യർക്കതിൽ നന്മ നിരീക്ഷിക്കുവാനോ അനുഭവിക്കാനോ സാധിക്കില്ല.

പ്രേരണ പ്രചോദനം നല്കുന്നതായതിനാൽ പ്രേരണകളെ നാം വീണ്ടുവിചാരത്തിന് വിധേയമാക്കണം. ഒരാളുടെ പ്രേരണയിൽ അയാളുടെ നന്മ മാത്രമായിരിക്കും മുന്തിനില്ക്കുക. അത് ഏത് മേഖലയിലായാലും ശരി.

പ്രേരണ ദേഹേഛയിൽനിന്ന് ഉദ്ഭവിക്കുന്നതാണ്. ദേഹേഛക്ക് അടിപ്പെട്ടു ജീവിക്കുന്നവരൊക്കെ അതിൻെറ അടിമകളുമാണ്. അഡിക്ട് ആവുകയാണത്. ആ നിലപാടിൽനിന്ന് രക്ഷപ്പെടാനും രക്ഷപ്പെടുത്താനും പ്രയാസമാണ്. അവിടെ ചിന്തക്ക് സ്ഥാനമുണ്ടായിരുന്നെങ്കിൽ ദുർബലവും ഉപകാരവുമില്ലാത്ത കാര്യത്തിന് അഡിക്ടാകുന്ന സ്വഭാവം ഉണ്ടാകുമായിരുന്നില്ല. അതായത്, ചന്തയല്ല ആളുകൾക്ക് പ്രധാനം, ഇഛകളാണ്.

ഇഛകൾ നമ്മെ സംസ്കരിക്കുന്നവയല്ല, നശിപ്പിക്കുന്നവയാണ്. അതിന് ഫലവത്തായ രീതി ചിന്തയും അതിനൊത്ത കർമവുമാണാവശ്യം ഈ രീതി നാം സ്വീകരിക്കണം.

പുതിയവയെ തേടുകയും അവ നല്ലതും ആളുകൾക്ക് ഉപകാരപ്രദവുമാകണം എന്ന് ആഗ്രഹിച്ച് ചിന്തയും അതിനനുസരിച്ച് പദ്ധതി തയാറാക്കുകയും ചെയ്യുന്നവരുടെ പരിഷ്കരണങ്ങളാണ് ലോകത്തിന് ശാന്തിയും വളർച്ചയും നല്കുകയുള്ളൂ. അതാണ് അതിരുകളില്ലാതെ മനുഷ്യരെ സ്നേഹിക്കാനുള്ള വഴികളിൽ പ്രധാനം.